**101/2026-M**

ചോദ്യ പുസ്തക അക്ഷര കോഡ് **A**

ചോദ്യ പുസ്തക ക്രമ നമ്പർ **100453**

ചോദ്യങ്ങളുടെ ആകെ എണ്ണം : 100

സമയം : 75 മിനിട്ട്

പരമാവധി മാർക്ക് : 100

**ഉദ്യോഗാർത്ഥികൾക്കുള്ള നിർദ്ദേശങ്ങൾ**

1. ചോദ്യ കടലാസ്സ് നൽകുന്നത് ചോദ്യ പുസ്തക രൂപത്തിലാണ്. **A, B, C, D** എന്നീ നാല് അക്ഷര കോഡുകളിലുള്ള ചോദ്യ പുസ്തകങ്ങളാണ് നൽകുന്നത്.
2. ചോദ്യ പുസ്തകത്തിന്റെ മുകളിൽ ഇടത് വശത്ത് പ്രത്യേക ചതുരത്തിൽ ചോദ്യ പുസ്തക അക്ഷര കോഡ് അച്ചടിച്ചിട്ടുണ്ട്.
3. ഓരോ ഉദ്യോഗാർത്ഥിക്കും നൽകിയിട്ടുള്ള ചോദ്യ പുസ്തക അക്ഷര കോഡ് അവരുടെ പരീക്ഷാഹാളിലെ ഇരിപ്പിടത്തിൽ രേഖപ്പെടുത്തിയിരിക്കും.
4. നിങ്ങൾക്കനുവദിച്ചിരിക്കുന്ന അക്ഷര കോഡിൽ നിന്നും വ്യത്യസ്തമായ കോഡിലുള്ള അക്ഷര ചോദ്യ പുസ്തകമാണ് ലഭിക്കുന്നതെങ്കിൽ അത് ഉടനടി പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്.
5. ചോദ്യ പുസ്തക ക്രമ നമ്പർ പുറംചട്ടയുടെ വലതു വശത്ത് മുകളറ്റത്തായി ചേർത്തിട്ടുണ്ട്. ക്രമ നമ്പർ ഇല്ലാത്ത ചോദ്യ പുസ്തകമാണ് നിങ്ങൾക്ക് ലഭിക്കുന്നതെങ്കിൽ അതേ അക്ഷര കോഡിലുള്ള ചോദ്യ പുസ്തകം മാറ്റി വാങ്ങുക.
6. ചോദ്യ പുസ്തകം വലതു മാർജിനിൽ മദ്ധ്യ ഭാഗത്തായി സീൽ ചെയ്തിരിക്കും. ഉത്തരമെഴുതാനുള്ള അനുമതി ലഭിച്ചാലല്ലാതെ ചോദ്യ പുസ്തകം തുറക്കാൻ പാടില്ല.
7. പരീക്ഷ തുടങ്ങിയാലുടൻ ഉദ്യോഗാർത്ഥി തനിക്ക് ലഭിച്ചിരിക്കുന്ന ചോദ്യ പുസ്തകത്തിൽ 100 ചോദ്യങ്ങളും ക്രമമായി ഉണ്ടോ എന്ന് പരിശോധിക്കേണ്ടതാണ്. ചോദ്യ പുസ്തകത്തിൽ അച്ചടിക്കാത്തതോ, കീറിയതോ, വിട്ടുപോയതോ ആയ പേജുകൾ ഉണ്ടെങ്കിൽ അക്കാര്യം പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും അതേ അക്ഷര കോഡുള്ള പൂർണ്ണമായ ചോദ്യ പുസ്തകം മാറ്റി വാങ്ങുകയും ചെയ്യേണ്ടതാണ്. ഇത് ഏറ്റവും പ്രധാനപ്പെട്ടതാണ്.
8. ചോദ്യ പുസ്തകത്തിന്റെ അവസാനം ഒന്നും എഴുതാത്ത ഒരു കടലാസ് ചേർത്തിട്ടുണ്ട്. ഇത് ഉത്തരം കണ്ടുപിടിക്കുന്നതിനുള്ള കുറിപ്പുകൾക്കായി ഉപയോഗിക്കാവുന്നതാണ്.
9. **ഉത്തരങ്ങൾ രേഖപ്പെടുത്താൻ ആരംഭിക്കുന്നതിന് മുമ്പ് ഉത്തരക്കടലാസിന്റെ മറുപുറത്തുള്ള നിർദ്ദേശങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കുക.**
10. ഓരോ ചോദ്യത്തിനും ശരിയുത്തരം ഉൾപ്പെടെ **(A), (B), (C), (D)** എന്ന നാല് ഉത്തരങ്ങൾ തന്നിരിക്കും. ശരിയുത്തരം തെരഞ്ഞെടുത്ത് ഒ.എം.ആർ. ഉത്തരക്കടലാസിൽ ബന്ധപ്പെട്ട ചോദ്യ നമ്പറിന് നേരെയുള്ള ശരിയുത്തരം സൂചിപ്പിക്കുന്ന കുമിള (ബബിൾ) മാത്രം നീലയോ കറുപ്പോ ബാൾ പോയിന്റ് പേന ഉപയോഗിച്ച് കറുപ്പിക്കുക.
11. **ഓരോ ശരിയുത്തരത്തിനും ഒരു മാർക്ക് ലഭിക്കുകയും ഓരോ തെറ്റുത്തരത്തിനും 1/3 മാർക്ക് നഷ്ടമാവുകയും ചെയ്യും. ഉത്തരം രേഖപ്പെടുത്താത്ത ചോദ്യങ്ങൾക്ക് മാർക്ക് നഷ്ടമാവുകയില്ല.**
12. പരീക്ഷാസമയം കഴിയുന്നതിന് മുമ്പോ, ഉത്തരക്കടലാസ് അസിസ്റ്റന്റ് സൂപ്രണ്ടിനെ ഏൽപ്പിക്കാതെയോ ഒരു ഉദ്യോഗാർത്ഥിയും പരീക്ഷാഹാൾ വിട്ട് പുറത്തുപോകാൻ പാടില്ല. പരീക്ഷാഹാളിലെ അസിസ്റ്റന്റ് സൂപ്രണ്ട് രജിസ്റ്റർ നമ്പർ കോഡിംഗ് ഷീറ്റിലെ വിവരങ്ങൾ പരിശോധിച്ച് ഒപ്പ് രേഖപ്പെടുത്തുന്ന കാര്യം ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്.
13. നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. പരീക്ഷയിൽ ക്രമക്കേട് നടത്തുകയോ അതിനുള്ള ശ്രമം നടത്തുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികളെ അയോഗ്യരായി പ്രഖ്യാപിക്കുന്നതാണ്.

SEAL

Maximum : 100 marks

Time : 1 മണിക്കൂർ 15 മിനിട്ട്

1. ശാസ്താവിന്റെ മൂലമന്ത്രം ഏത്?
   (A) ഓം മഹാശാസ്ത്രേ നമഃ
   (B) ഓം ഘ്രൂം നമഃ പരായ ഗോപ്ത്രേ
   (C) ഓം ഘോഷവതേ നമഃ
   (D) ഓം രേവന്തായ നമഃ

2. ശങ്കരനാരായണമൂർത്തിയുടെ മൂലമന്ത്രത്തിലെ ബീജം ഏതാണ്?
   (A) ഹ്രീം
   (B) ശ്രീം
   (C) ഹ്യം
   (D) ക്ലീം

3. ദുർഗ്ഗയുടെ ശംഖപൂരണത്തിൽ ശംഖ് കാലിൽ അർച്ചിക്കുന്ന മന്ത്രം ഏത്?
   (A) മം വഹ്നി മണ്ഡലായ നമഃ
   (B) ഉം സോമ മണ്ഡലായ നമഃ
   (C) രം വഹ്നി മണ്ഡലായ നമഃ
   (D) ലാം പത്മായ നമഃ

4. ദുർഗ്ഗയുടെ നിർമ്മാല്യധാരി മന്ത്രം ഏത്?
   (A) ഓം ക്ലീം മുണ്ഡിന്യൈ നമഃ
   (B) പ്രോം ശേഷികാരയെ നമഃ
   (C) ഓം ചണ്ഡികായൈ നമഃ
   (D) ഓം ഹ്രീം ദ്യം ദുർഗ്ഗായൈ നമഃ

5. വിഷ്ണുവിന്റെ ഛന്ദസ്സ് ഏത്?
   (A) ഗായത്രി
   (B) ദൈവിഗായത്രി
   (C) അതിജഗതി
   (D) പംക്തി

6. പുരാണങ്ങളുടെ കർത്താവ് ആര്?
   (A) ശ്രീശുകൻ
   (B) വസിഷ്ഠൻ
   (C) വ്യാസൻ
   (D) നാരദൻ

7. തത്ത്വമസി ഏത് ഉപനിഷത്തിലെ വാക്യമാണ്?
   (A) തൈത്തരീയം
   (B) ഛാന്ദോഗ്യോപനിഷത്ത്
   (C) മുണ്ഡകോപനിഷത്ത്
   (D) ബൃഹദാരണ്യകോപനിഷത്ത്

8. പൂജാ മദ്ധ്യത്തിൽ മണ്ഡപത്തിൽ നമസ്കരിക്കാൻ ഉപയോഗിക്കുന്ന മന്ത്രം ഏത്?

(A) മൂലം
(B) വിശ്വാനിദേവ....
(C) മാന ഏകസ്മിൻ
(D) പ്രീണാതു ഭഗവൻ

9. മാനസപൂജയിൽ ഉപയോഗിക്കുന്ന മുദ്രയുടെ പേരെന്ത്?

(A) ശംഖ്മുദ്ര
(B) ഗാളിനീമുദ്ര
(C) സുരഭിമുദ്ര
(D) പരശുമുദ്ര

10. ബലിമുദ്രകാട്ടുന്ന വിരലുകൾ ഏതെല്ലാം?

(A) പെരുവിരൽ ചൂണ്ടുവിരൽ
(B) പെരുവിരൽ ചെറുവിരൽ
(C) പെരുവിരൽ നടുവിരൽ
(D) പെരുവിരൽ മോതിരവിരൽ

11. വായുബീജം ഏത്?

(A) രം
(B) ഹം
(C) യം
(D) വം

12. പ്രാണാഹുതികളുടെ എണ്ണം എത്ര?

(A) 3
(B) 5
(C) 6
(D) 7

13. ഓം ജയായൈ നമഃ ഓം വിജയായൈ നമഃ എന്ന ദ്വാസ്ഥകൾ ആരുടേതാണ്?

(A) ലക്ഷ്മി
(B) സരസ്വതി
(C) ദുർഗ്ഗ
(D) ഭുവനേശ്വരി

14. ശിവേലിക്ക് മണ്ഡപത്തിൽ തൂവുന്നത് ദേവന്റെ ഏത് മന്ത്രമാണ്?

(A) മൂലം
(B) ദിക്പാലകമന്ത്രം
(C) ഉപചാരം
(D) വാഹനം

15. അനാമിക എന്നത് ഏത് വിരലിനെ സൂചിപ്പിക്കുന്നു?

(A) മോതിരവിരൽ
(B) ചെറുവിരൽ
(C) നടുവിരൽ
(D) പെരുവിരൽ

16. പ്രാകാരങ്ങൾ എത്ര വിധം?

(A) 3
(B) 5
(C) 7
(D) 10

17. ദേഹം ദേവാലയ പ്രോക്തം എന്ന പ്രമാണം സൂചിപ്പിക്കുന്നത് ഏത് ഗ്രന്ഥത്തിലേത്?

(A) തന്ത്ര സമുച്ചയം
(B) ശാരദാതിലകം
(C) കുളാർണ്ണവതന്ത്രം
(D) വിഷ്ണുസംഹിത

18. ശിവന്റെ പഞ്ചഭൂതങ്ങളിൽ അധിഷ്ഠിതമായ ആകാശത്തെ പ്രതിനിധീകരിക്കുന്ന ക്ഷേത്രം

(A) ഏകാംബരേശ്വര ക്ഷേത്രം
(B) ജംബുകേശ്വര ക്ഷേത്രം
(C) ചിദംബര ക്ഷേത്രം
(D) അരുണാചലേശ്വര ക്ഷേത്രം

19. ഭദ്രകാളിയുടെ പടിഞ്ഞാറ് ദിക്കിൽ വരുന്ന ദ്വാസ്ഥകൾ ഏതെല്ലാം?

(A) വിരൂപായൈ നമഃ വിമലായൈ നമഃ
(B) അന്തകൈ്യ നമഃ വന്ദനൈ്യ നമഃ
(C) സുന്ദരൈ്യ നമഃ സുമുഖൈ്യ നമഃ
(D) ജയായൈ നമഃ വിജയായൈ നമഃ

20. ഭഗപ്രണേതർഭഗസത്യരാധോ...... എന്ന മന്ത്രം ഏത് സൂക്തത്തിലേത്?

(A) പുരുഷസൂക്തം
(B) ഭാഗ്യസൂക്തം
(C) ശ്രീസൂക്തം
(D) ആയുഃസൂക്തം

21. പഞ്ചദുർഗ്ഗയിലെ മൂന്നാമത്തെമന്ത്രം ഏത്?

(A) ജാതവേദസേ
(B) പൃതനാജിതം സഹമാനമഗ്നിഃ...
(C) താമഗ്നിവർണ്ണാം...
(D) അഗ്നേത്വം പാരയാനവ്യോ...

22. നവഗ്രഹങ്ങളിൽ അംഗാരകൻ എന്നത് ഏത് ഗ്രഹത്തേയാണ്?

(A) ചൊവ്വ
(B) ശനി
(C) വ്യാഴം
(D) ശുക്രൻ

23. പുനർജന്മത്തെ പരാമർശിക്കുന്ന ഉപനിഷത്ത് ഏത്?

(A) ബൃഹദാരണ്യകോപനിഷത്ത്
(B) മാണ്ഡൂക്യോപനിഷത്ത്
(C) ഈശാവാസ്യോപനിഷത്ത്
(D) തൈത്തരീയ ഉപനിഷത്ത്

24. ശനിയുടെ ഉച്ചരാശി ഏത്?

(A) കുംഭം
(B) തുലാം
(C) മകരം
(D) മേടം

25. ശബരിമല ആദ്യപുറപ്പെടാ മേൽശാന്തിയുടെ പേര്

(A) നീലമന എൻ ഗോവിന്ദൻ നമ്പൂതിരി
(B) എഴീക്കോട് ശശിനമ്പൂതിരി
(C) എടമന ദാമോദരൻ നമ്പൂതിരി
(D) തെക്കേടം വിഷ്ണു നമ്പൂതിരി

26. യോഗശാസ്ത്രം രചിച്ചതാര്?

(A) ഭരതമുനി
(B) പാണിനി
(C) ചരകൻ
(D) പതഞ്ജലി

27. മുക്കുറ്റി ഹോമിക്കുന്ന മന്ത്രം ഏത്?

(A) സ്വയംവരം
(B) അശ്വാരൂഢം
(C) വരുണപാശം
(D) മൃത്യുഞ്ജയം

28. ഹോമത്തിങ്കൽ ചാണകം കൂട്ടിമെഴുകുന്നത് എങ്ങനെ?

(A) അഗ്ന്യാദി ഈശാന്തം
(B) വായ്വാദി നിരൃത്യന്തം
(C) അഗ്ന്യാദി അഗ്ന്യാന്തം
(D) ഈശാദി ഈശാന്തം

29. ഹോമത്തിങ്കൽ അഗ്നിഅലങ്കാരം എത്ര ദിക്കിൽ?

(A) 8
(B) 10
(C) 11
(D) 12

30. സമൃദ്ധിമന്ത്രം ഏതാണ്?

(A) ഉത്തിഷ്ഠംപുരുഷ
(B) അഹം രുദ്രേഭിഃ
(C) യോഗിനി യോഗിനി യോഗേശ്വരി
(D) പ്രാതരഗ്നിം പ്രാതരിന്ദ്രം

31. കറുക ഹോമിക്കുന്നത് എന്ത് ഫലപ്രാപ്തിക്കായിട്ടാണ്?

(A) രോഗനിവാരണം
(B) ആയുസ്സ്
(C) ശരീരപുഷ്ടി
(D) ആരോഗ്യം

32. മൃത്യുഞ്ജയഹോമ ദ്രവ്യങ്ങളുടെ ശരിയായ ക്രമം ഏതാണ്?

(A) അമൃത്വള്ളി പേരാലിൻമൊട്ട് കറുക എള്ള് പാൽ നെയ്യ് പാൽപ്പായസം
(B) അമൃത്വള്ളി പേരാലിൻമൊട്ട് എള്ള് കറുക പാൽ നെയ്യ് പാൽപ്പായസം
(C) പേരാലിൻമൊട്ട് അമൃത്വള്ളി എള്ള് പാൽ കറുക നെയ്യ് പാൽപ്പായസം
(D) അമൃത്വള്ളി പേരാലിൻമൊട്ട് എള്ള് കറുക തേൻ നെയ്യ് പാൽപ്പായസം

33. മൃത്യുഞ്ജയഹോമത്തിൽ പൂർണ്ണാഹുതി മന്ത്രം ഏത്?

(A) ഓം രുദ്രായസ്വാഹാ
(B) ഓം ആം ഈ ഊം വ്യോമവ്യാപിനേ ഓം വൗഷൾ
(C) ഓം ഭൂർഭുവസ്സ്വഃ വൗഷൾ
(D) ഓം മൃത്യുഞ്ജായ നമഃ സ്വാഹാ

34. ഹോമത്തിങ്കൽ പരിസ്തരണത്തിന് ദർഭപുല്ലിന്റെ എണ്ണം എത്ര?

(A) 11 (B) 10

(C) 8 (D) 16

35. പഞ്ചഗവ്യത്തിൽ തൈരിന്റെ അളവ്

(A) മൂന്നിരട്ടി (B) ഏഴിരട്ടി

(C) രണ്ടിരട്ടി (D) പകുതി

36. കലശപൂജയിൽ നൂല്ചുറ്റാൻ ഉപയോഗിക്കുന്ന മന്ത്രം

(A) കവചമന്ത്രം (B) മൂലം

(C) പ്രണവം (D) ഹൃദയമന്ത്രം

37. പഞ്ചഗവ്യത്തിൽപെടാത്ത ദ്രവ്യം ഏത്?

(A) പാൽ (B) ചാണകം

(C) തൈര് (D) തേൻ

38. ദൈവദശകം എഴുതിയതാര്?

(A) ചട്ടമ്പിസ്വാമി (B) ശ്രീനാരായണഗുരു

(C) വള്ളത്തോൾ (D) കുമാരനാശാൻ

39. തിരുവിതാംകൂർ ദേവസ്വം ബോർഡ് രൂപീകൃതമായ വർഷം ഏത്?

(A) 1949 (B) 1950

(C) 1960 (D) 1948

40. ശ്രീകുരുമ്പ എന്നറിയപ്പെടുന്ന ദേവീക്ഷേത്രം?

(A) ചോറ്റാനിക്കര (B) കാടാമ്പുഴ

(C) കൊടുങ്ങല്ലൂർ (D) തിരുമാന്ധാംകുന്ന്

41. ക്ഷേത്രപുരുഷസങ്കല്പത്തിൽ മണ്ഡപത്തിന്റെ സ്ഥാനം?

(A) കണ്ഠം (B) ശിരസ്സ്

(C) ഉദരം (D) പാദം

42. കലശ്ശാട്ട് ഉത്സവമായി ആഘോഷിക്കുന്ന ക്ഷേത്രം?

(A) പറശ്ശിനി മടപ്പുര മുത്തപ്പൻ ക്ഷേത്രം

(B) തൃച്ചംബരം ശ്രീകൃഷ്ണ ക്ഷേത്രം

(C) തളിപ്പറമ്പ് ശ്രീരാജരാജേശ്വര ക്ഷേത്രം

(D) തിരുവങ്ങാട് ശ്രീരാമ ക്ഷേത്രം

43. ശ്രീപരമേശ്വരൻ അർജ്ജുനന് പാശുപതാസ്ത്രം നൽകി എന്ന് ഐതിഹ്യമുള്ള ക്ഷേത്രം

(A) തൃക്കണ്ണാട്ട് ശ്രീത്ര്യംബക ക്ഷേത്രം

(B) തളിയിൽ ശ്രീനീലകണ്ഠേശ്വര ക്ഷേത്രം

(C) അഡൂർ മഹാലിംഗേശ്വര ക്ഷേത്രം

(D) മല്ലികാർജ്ജുന ക്ഷേത്രം

44. ആജ്യം എന്ന വാക്കിന്റെ അർത്ഥം

(A) തൈര്　　(B) പാൽ

(C) തേൻ　　(D) നെയ്യ്

45. നവകപഞ്ചഗവ്യകലശങ്ങൾക്ക് എത്രകലശക്കുടം ആവശ്യം?

(A) 8　　(B) 9

(C) 10　　(D) 25

46. ദിക്ബന്ധനത്തിന് ഉപയോഗിക്കുന്ന മന്ത്രം ഏത്?

(A) ശക്തിമന്ത്രം　　(B) പ്രണവമന്ത്രം

(C) മൂലമന്ത്രം　　(D) അസ്ത്രമന്ത്രം

47. വാജിവാഹനം എന്നതിലെ വാജി എന്നാൽ അർത്ഥമാക്കുന്നത്?

(A) പുലി　　(B) ആന

(C) സിംഹം　　(D) കുതിര

48. ഹിമകുന്ദമൃണാളാഭം ദൈത്യാനാം പരമം ഗുരും
സർവ്വശാസ്ത്ര പ്രവക്താരം ഭാർഗ്ഗവം പ്രണമാമ്യഹം.
ഏത് ഗ്രഹത്തെ സ്തുതിക്കുന്നു?

(A) ശുക്രൻ　　(B) വ്യാഴം

(C) സൂര്യൻ　　(D) ശനി

49. ധ്വജനിർമ്മാണത്തിന് ഉപയോഗിക്കുന്ന തടി ഏത്?

(A) പ്ലാവ്　　(B) ആൽമരം

(C) തേക്ക്　　(D) ചന്ദനം

50. മൃകാണ്ഡ്യമഹർഷിയാൽ പ്രതിഷ്ഠിതമായത് എന്ന് ഐതിഹ്യമുള്ള പ്രസിദ്ധക്ഷേത്രം?

(A) കണ്ടിയൂർ മഹാദേവക്ഷേത്രം　　(B) ഏറ്റുമാനൂർ മഹാദേവക്ഷേത്രം

(C) ചെങ്ങന്നൂർ മഹാദേവക്ഷേത്രം　　(D) തൃക്കുരട്ടി മഹാദേവക്ഷേത്രം

51. അച്ചൻകോവിൽ ശ്രീധർമ്മശാസ്താക്ഷേത്രത്തിലെ ദേവന്റെ ഭാവം?

(A) ബാല്ല്യം
(B) കൗമാരം
(C) ഗാർഹസ്ഥ്യം
(D) ബ്രഹ്മചര്യം

52. ശ്രീഭൂതബലി/ശിവേലിങ്കൽ വിഷ്ണുവിന്റെ പടിഞ്ഞാറ് ദിക്കിൽ തൂക്കേണ്ടുന്ന ധ്വജദേവതാ മന്ത്രം?

(A) കുമുദായ നമഃ
(B) ശങ്കുകർണ്ണായ നമഃ
(C) വാമനായ നമഃ
(D) സുമുഖായ നമഃ

53. സുബ്രമണ്യന്റെ ധ്വജദേവതകൾ എത്ര?

(A) 9
(B) 8
(C) 10
(D) 12

54. കലശപൂജയിൽ ശോഷണാദിക്ക് ഉപയോഗിക്കാത്ത ബീജമന്ത്രം

(A) രം
(B) ലം
(C) മം
(D) ഹം

55. കുംഭസംസ്കാരക്രിയയിൽ രണ്ടാമത്തെ പഞ്ചതത്വമന്ത്രത്താൽ ന്യസിക്കേണ്ടത് എന്താകുന്നു?

(A) കുറുമ്പുല്ല്
(B) അക്ഷതം
(C) ചന്ദനം
(D) പുഷ്പം

56. ദക്ഷയാഗം നടന്ന ഭൂമി എന്നറിയപ്പെടുന്നത്

(A) തിരുനെല്ലി
(B) കൊട്ടിയൂർ
(C) തൃപ്രങ്ങോട്
(D) തിരുനാവായ

57. ജ്യോതിഷശാസ്ത്രത്തിൽ സൂര്യന്റെ സ്വക്ഷേത്രമായി പറയുന്ന രാശി

(A) ചിങ്ങം
(B) മേടം
(C) മകരം
(D) കുംഭം

58. പഞ്ചഗവ്യംകൂട്ടുമ്പോൾ ഗോമൂത്രം കൂട്ടുന്നതിന് ഉപയോഗിക്കുന്ന മന്ത്രം

(A) ഗന്ധദ്വാരാം....
(B) തത്സവിതുർവരേണ്യം
(C) ആപ്യായസ്വ
(D) തേജോസി തേജോനുപ്രേഹി

59. പഞ്ചേന്ദ്രിയങ്ങളിൽ പെടാത്ത ഇന്ദ്രിയം ഏത്?

(A) കണ്ണ്
(B) മൂക്ക്
(C) ചുണ്ട്
(D) ചെവി

60. ദശപ്രാണനിൽ വരാത്തത് ഏത്?

(A) ദേവദത്തം
(B) കൂർമ്മം
(C) കർക്കരി
(D) ധനഞ്ജയൻ

61. ഒരു കുറുമ്പുല്ല് എന്നാൽ ദർഭപുല്ലിൽ എങ്ങനെ കണക്കാക്കാം?

(A) 3 തല 3 കട
(B) 2 തല 4 കട
(C) 2 തല 2 കട
(D) 4 തല 4 കട

62. വൃത്താകാരമായ പ്രാസാദം/ശ്രീകോവിലിന് പറയുന്ന പേര്

(A) നന്ദ്യാവർത്തം
(B) നാഗരം
(C) ദ്രാവിഡം
(D) വേസരം

63. രേവതി പട്ടത്താന എന്നത് പ്രസിദ്ധമായ ക്ഷേത്രം

(A) കോഴിക്കോട് തളിക്ഷേത്രം
(B) ഗുരുവായൂർ ക്ഷേത്രം
(C) തളിപ്പറമ്പ ശ്രീരാജരാജേശ്വര ക്ഷേത്രം
(D) തിരുനാവായ ക്ഷേത്രം

64. തിരുവാർപ്പ് ഉഷ എന്നറിയപ്പെടുന്നത് എന്താണ്?

(A) പായസം
(B) കദളിപ്പഴം
(C) ഉണ്ണിയപ്പം
(D) ത്രിമധുരം

65. ഭസ്മം ഏതംഗത്തിലാണ് ആദ്യം കുറിയിടുന്നത്?

(A) ശിരസ്സ്
(B) നെറ്റി
(C) ഹൃദയം
(D) കഴുത്ത്

66. തന്ത്രസമുച്ചയത്തിന്റെ കർത്താവാര്?

(A) കാണിപ്പയ്യൂർ കൃഷ്ണൻ നമ്പൂതിരി
(B) ചേന്നാസ് നാരായണൻ നമ്പൂതിരി
(C) പുലിയന്നൂർ കൃഷ്ണൻ നമ്പൂതിരി
(D) കല്പുഴ ദിവാകരൻ നമ്പൂതിരി

67. വ്യാഴാഴ്ചത്തെ രാഹുകാലം

(A) 7.30 am to 9.00 am
(B) 9.00 am to 10.30 am
(C) 1.30 pm to 3.00 pm
(D) 12 pm to 1.30 pm

68. നവഗ്രഹങ്ങളിൽ വ്യാഴം അഥവാ ഗുരു, ഗ്രഹത്തിന്റെ പ്രതിഷ്ഠാ ദർശനം ഏത് ദിക്കിലേക്കാണ്?

(A) കിഴക്ക്
(B) തെക്ക്
(C) പടിഞ്ഞാറ്
(D) വടക്ക്

69. ദേവസംഗമം എന്നറിയപ്പെടുന്ന ഉത്സവം?

(A) തൃശൂർപ്പൂരം
(B) പെരുവനംപൂരം
(C) ആറാട്ടുപുഴപൂരം
(D) ഉത്രാളിക്കാവ്പൂരം

70. പാണികൊട്ടാൻ ഉപയോഗിക്കുന്ന വിശേഷവാദ്യം

(A) ഇടക്ക
(B) മദ്ദളം
(C) ചെണ്ട
(D) മരം

71. ദശപുഷ്പത്തിൽപെടാത്തത് ഏത്?

(A) ചെറൂള
(B) മുക്കുറ്റി
(C) എരുക്ക്
(D) പൂവ്വാങ്കുറുന്തില

72. ശങ്കരനാരായണമൂർത്തിയുടെ ഋഷി ആര്?

(A) ശ്രീനാരദഃ ഋഷിഃ
(B) സാന്ധ്യനാരായണഃ ഋഷിഃ
(C) ബ്രഹ്മ ഋഷിഃ
(D) ബ്രഹ്മപ്രജാപതി ഋഷിഃ

73. അഗ്നിമീളേ പുരോഹിതം എന്ന് തുടങ്ങുന്ന സൂക്തം/മന്ത്രം ഏത് വേദത്തിലേതാണ്?

(A) യജുർവേദം
(B) സാമവേദം
(C) ഋഗ്വേദം
(D) അഥർവ്വവേദം

74. ദുർഗ്ഗയുടെ പത്മമന്ത്രം ഏത്?

(A) പം പത്മായ നമഃ
(B) ഹ്രീം പത്മായ നമഃ
(C) ക്ലീം പത്മായ നമഃ
(D) ലാം പത്മായ നമഃ

75. ഉപദേവപ്രതിഷ്ഠ ഇല്ലാത്ത ക്ഷേത്രം?

(A) കൂടൽമാണിക്യം
(B) തൃപ്രയാർ
(C) തിരുനാവായ
(D) തിരുവില്ല്വാമല

76. ഷഡ്പീഠപൂജയിൽ അത്മാരാധനക്രിയയിങ്കൽ രണ്ടാമത് കുറിയിടുന്ന സ്ഥാനം

(A) ശിരസ്സ്
(B) കണ്ഠം
(C) ഹൃദയം
(D) നെറ്റി

77. സ്നിഗ്ദ്ധാരാളി വിസാരികുന്ദളഭരം എന്ന ധ്യാനം ആരുടേത്?

(A) ശാസ്താവ്
(B) സുബ്രഹ്മണ്യൻ
(C) ശങ്കരനാരായണൻ
(D) ശ്രീകൃഷ്ണൻ

78. ഷഡാധാര പ്രതിഷ്ഠയുടെ ശരിയായ ക്രമം ഏത്?

(A) ആധാരശില നിധികുംഭം പത്മം കൂർമ്മം നപുംസകശില പീഠം
(B) ആധാരശില നിധികുംഭം പത്മം കൂർമ്മം യോഗനാളം പീഠം
(C) ആധാരശില നിധികുംഭം കൂർമ്മം യോഗനാളം നപുംസകശില പീഠം
(D) ആധാരശില നിധികുംഭം പത്മം കൂർമ്മം യോഗനാളം നപുംസകശില

79. വിഷ്ണുവിന്റെ അംഗന്യാസത്തിൽ ഉദരത്തിൽ ന്യസിക്കുന്ന മന്ത്രം

(A) നാം ഉദരായ നമഃ
(B) ഓം ഉദരായ നമഃ
(C) ണാം ഉദരായ നമഃ
(D) രാം ഉദരായ നമഃ

80. ശംഖപൂരണത്തിൽ കിണ്ടിവെക്കുന്നിടത്ത് മെഴുകുന്നത്

(A) ത്രികോണം
(B) ത്രിപുണ്ഡ്രകം
(C) വൃത്തം
(D) ചതുരം

81. അതോദേവാ... എന്ന് തുടങ്ങുന്ന സൂക്തം ഏത് ദേവന്റെ ഇഷ്ടസൂക്തമാണ്?

(A) മഹാവിഷ്ണു
(B) ശാസ്താവ്
(C) സുബ്രഹ്മണ്യൻ
(D) ശിവൻ

82. ഭുവനേശ്വരി ഭഗവതിയുടെ ഉപഹാരം ഏത്?

(A) അർഘ്യാദി
(B) പാദ്യാദി
(C) ആചമനീയാദി
(D) പ്രണവാദി

83. അഷ്ടബന്ധത്തിൽപെടാത്ത ദ്രവ്യം ഏത്?

(A) ചഞ്ചല്ല്യം
(B) കോലരക്ക്
(C) കോഴിപ്പരൽ
(D) കാവിമണ്ണ്

84. ജ്യോതിഷശാസ്ത്രപ്രകാരം രാശിചക്രത്തിൽ മിഥുനരാശിയുടെ സ്ഥാനം?

(A) കിഴക്ക്
(B) കിഴക്ക് അഗ്നി മദ്ധ്യം
(C) അഗ്നികോൺ
(D) അഗ്നി തെക്ക് മദ്ധ്യം

85. കുംഭകൂറിൽ വരുന്ന നക്ഷത്രങ്ങൾ ഏതെല്ലാം?

(A) ചതയം പൂരൂരുട്ടാതി ഉത്യട്ടാതി
(B) തിരുവോണം അവിട്ടം ചതയം
(C) ഉത്രാടം തിരുവാണം അവിട്ടം
(D) അവിട്ടം ചതയം പൂരൂരുട്ടാതി

86. വാസ്തുശാസ്ത്രത്തിൽ പടിഞ്ഞാറ് ദിക്കിനെ പ്രതിനിധാനം ചെയ്യുന്ന യോനി

(A) ധ്വജയോനി
(B) സിംഹയോനി
(C) വൃഷഭയോനി
(D) ഗജയോനി

87. ഭദ്രകാളിയുടെ പീഠസമഷ്ടി മന്ത്രം ഏത്?

(A) ഹും സർവ്വശക്തിരൂപിണ്യൈ വേതാളൈ്യ നമഃ
(B) ബ്രഹ്മവിഷ്ണുശിവാത്മകായപ്രേതാസനായ നമഃ
(C) ഹ്രീ സർവ്വശക്തികമലാസനായ നമഃ
(D) വജ്രനഖദംഷ്ട്രായുധായ മഹാസിംഹായ നമഃ

88. ശിവന്റെ ശിവേലിയിങ്കൽ അനന്തന്റെ ബലിക്കല്ലിൽ തൂകിയതിന് ശേഷം തൂക്കേണ്ടത് ആർക്ക്?

(A) മാതൃക്കൾ
(B) വാഹനം
(C) വരുണൻ
(D) നിരൃതി

89. വിഷ്ണുസഹസ്രനാമത്തിന്റെ ഋഷി ആര്?

(A) ശ്രീനാരദഃ ഋഷിഃ
(B) വേദവ്യാസ ഋഷിഃ
(C) ഭൃഹു ഋഷിഃ
(D) വസിഷ്ഠ ഋഷിഃ

90. ശിവേലി/ശ്രീഭൂതബലിയിങ്കൽ വലിയബലിക്കല്ലിന്റെ ചുവട്ടിലെ ദേവതകൾക്ക് തൂകിയതിന് ശേഷം നിരൃതികോണിൽ കുമുദത്തിൽ (പള്ളക്കൽ) തൂകേണ്ടതില്ലാത്ത ദേവൻ

(A) ശിവൻ
(B) വിഷ്ണു
(C) ഗണപതി
(D) സുബ്രഹ്മണ്യൻ

91. അംഗമന്ത്രത്തിൽ നേത്രദ്വയം അല്ലാത്ത ദേവൻ

(A) വിഷ്ണു
(B) ഗണപതി
(C) ശാസ്താവ്
(D) സുബ്രഹ്മണ്യൻ

92. ബാലാംബ്യ എന്നാൽ എന്ത്?

(A) എളനീര്
(B) തേൻ
(C) വെറ്റില
(D) കദളിപ്പഴം

93. ശംഖപൂരണത്തിൽ നിർവിഷമാക്കുന്നതിന് ഉപയോഗിക്കുന്ന മുദ്ര

(A) ഗാളിനീമുദ്ര
(B) ഗരുഢമുദ്ര
(C) സുരഭിമുദ്ര
(D) കവചമുദ്ര

94. ശംഖപൂരണത്തിൽ ജലം അരിക്കുന്നു എന്ന സങ്കല്പത്തിൽ ചെയ്യുന്ന ക്രിയക്ക് ഉപയോഗിക്കുന്ന മന്ത്രം?

(A) ശിഖാമന്ത്രം
(B) ശിരോമന്ത്രം
(C) കവചമന്ത്രം
(D) അസ്ത്രമന്ത്രം

95. ദശപ്രണവമന്ത്രത്തിൽ വരാത്ത മന്ത്രം ഏത്?

(A) ഓം മഹഃ
(B) ഓം ഭുവഃ
(C) ഓം തപ
(D) ഓം ഭഗ

96. മാതൃക്കളിൽ അഞ്ചാമത്തേതും, ശ്രീവിദ്യാസമ്പ്രദായത്തിലെ ഉപസനാപദ്ധതികളിൽ വരുന്നതുമായ വാരാഹി പ്രധാന ദേവിയായി പ്രതിഷ്ഠയുള്ള കേരളത്തിലെ പ്രസിദ്ധക്ഷേത്രം?

(A) ആറ്റുകാൽഭഗവതി ക്ഷേത്രം
(B) പേട്ട പഞ്ചമിദേവീ ക്ഷേത്രം
(C) കരിക്കകം ദേവീക്ഷേത്രം
(D) വെള്ളായണി ദേവീ ക്ഷേത്രം

97. സൗന്ദര്യലഹരി ദേവീമാഹാത്മ്യം ലളിതസഹസ്രനാമം തുടങ്ങിയ ഗ്രന്ഥങ്ങൾക്ക് ഭാഷാഭാഷ്യം നൽകിയ ശ്രീവിദ്യോപാസകൻ ആര്?

(A) കമ്പക്കുടി സുന്ദരേശ അയ്യർ
(B) കണ്ടിയൂർ മഹാദേവ ശാസ്ത്രികൾ
(C) മാത്തൂർ വെങ്കിടാചല ശാസ്ത്രികൾ
(D) രാമൻ അയ്യർ

98. തൃക്കല്ല്യാണം ഉത്സവമായി ആഘോഷിക്കുന്ന കേരളത്തിലെ പ്രസിദ്ധക്ഷേത്രം

(A) അച്ചൻകോവിൽ ശ്രീധർമ്മശാസ്താക്ഷേത്രം
(B) ശ്രീ ആനന്ദവല്ലീശ്വരം ക്ഷേത്രം
(C) ആര്യങ്കാവ് ശ്രീധർമ്മശാസ്താക്ഷേത്രം
(D) ചെങ്ങന്നൂർ മഹാദേവക്ഷേത്രം

99. മാതൃദേവോഭവ, പിതൃദേവോഭവ ആചാര്യദേവോഭവ അതിഥിദേവോഭവ എന്ന ഉപദേശം നൽകുന്ന ഉപനിഷത്ത് ഏത്?

(A) തൈത്തരീയം
(B) ഈശാവാസ്യോപനിഷത്ത്
(C) മാണ്ഡൂക്യോപനിഷത്ത്
(D) ബൃഹദാരണ്യകോപനിഷത്ത്

100. മഹാവിഷ്ണുവിന്റെ ഗദയുടെ പേരെന്ത്?

(A) പാഞ്ചജന്യം
(B) കൗമോദകി
(C) ഗാണ്ഡീവം
(D) പിനാകം

---